കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad@kerala.gov.in

# പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2018-19

ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.15/204/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി: 09-03-2020

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പെരുവള്ളൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പെരുവള്ളൂർ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് -സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് ഓൺലൈനായി (http://aims.ksad.kerala.gov.in/aims/esubmission) അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്)

പകർപ്പ് :

1)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

2)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

3)കാര്യാലയ പകർപ്പ്.

എം.എ.7-5-2020

നം.കെ.എസ്.എ.എം.പി.എം.15/204/2020 തിയ്യതി: 09-03-2020

## മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 25.01.2019 മുതൽ 19.01.2020 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. ആർ.അജിത്ത്, ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)

-----------------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 20.01.2020 മുതൽ 30.01.2020 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. ദിനേശൻ.എം | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. സൽമത്ത് ടി.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സിയാദ് പി പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ.ഇദ്രീസ് അബ്ദുള്ള എ.സി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി. റംല പികെ | 01.04.2018 മുതൽ 31.03.2019 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| സെക്രട്ടറി | ശ്രീ. ശിവൻകുട്ടി ജെ | 01.04.2018 മുതൽ 25.05.2018 എഫ്എൻ വരെ |
| | ശ്രീമതി. ശൈലജ എം (അധിക ചുമതല) | 25.05.2018 എഎൻ മുതൽ 22.06.2018 എഫ്എൻ വരെ |
| | ശ്രീ. മധുസൂദനൻ | 22.06.2018 എഎൻ മുതൽ 03.07.2018 എഫ്എൻ |

| | | |
|---|---|---|
| | | വരെ |
| | ശ്രീ. കെ ബീരാൻകുട്ടി | 03.07.2018 എഎൻ മുതൽ 17.03.2019 വരെ |
| | ശ്രീമതി. ഷംലി ഐപി (അധിക ചുമതല) | 18.03.2019 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീമതി. ശൈലജ എം | 01.04.2018 മുതൽ 07.03.2019 എഫ്എൻ വരെ |
| | ശ്രീമതി. ഷംലി ഐപി | 07.03.2019 എഎൻ മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ. ഷാജി പി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ശ്രീ. ഐസക് ജോർജ്ജ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, സിഎച്ച്സി, പെരുവള്ളൂർ | ശ്രീ. അമർനാഥ് പിപി | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഗവ. ആയു. ഡിസ്പെൻസറി, പെരുവള്ളൂർ | ശ്രീമതി. ഷീജ | 01.04.2018 മുതൽ 12.07.2018 വരെ |
| | ശ്രീമതി. സുസ്മിജ കെ | 13.07.2018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. പ്രശാന്ത് കരിമ്പിൽ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി. അമ്മുണ്ണി പി | 01.04.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മാസ്റ്റർ, ജിഎൽപി സ്കൂൾ, പറമ്പിൽപീടിക | ശ്രീ. അബൂബക്കർ എൻ.സി | 01.04.2018 മുതൽ 31.03.2019 വരെ |
| അസി. എഞ്ചിനീയർ | ശ്രീമതി. ദീപ്തി എൽ | 01.04.2018 മുതൽ 13.05.2018 വരെ |
| | ശ്രീ അനീസ് പി, അസി. എഞ്ചിനീയർ, എൽഎസ്ജിഡി എഞ്ചിനീയറിങ്ങ്, പെരുവള്ളൂർ | 14.05.2018 മുതൽ 01.07.2018 വരെ |
| | ശ്രീ. മുഹമ്മദ് മുനീർ ഐപി, അസി. എഞ്ചിനീയർ, എൽഎസ്ജിഡി എഞ്ചിനീയറിങ്ങ്, പെരുവള്ളൂർ | 02.07.2018 മുതൽ 28.02.2019 വരെ |
| | ശ്രീ. ഗോകുൽ, അസി. എഞ്ചിനീയർ, എൽഎസ്ജിഡി എഞ്ചിനീയറിങ്ങ്, പെരുവള്ളൂർ | 01.03.2019 മുതൽ 05.03.2019 വരെ |
| | ശ്രീമതി. ദേവി ഇ, അസി. എഞ്ചിനീയർ (എംപ്ലോയ്മെൻറ്) | 06.03.2019 മുതൽ 31.03.2019 വരെ |

ഉള്ളടക്കം

| | | |
|---|---|---|

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം I പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 2 | 1-3 | സാമ്പത്തിക വിശകലനം (R&Pപ്രകാരം) |
| 3 | 1-4 | ഫണ്ട് വിനിയോഗം (ACR പ്രകാരം) |
| 4 | 1-5 | പദ്ധതി അവലോകനം. |
| 5 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 6 | 1-7 | ക്ഷേമപദ്ധതികൾ |
| 7 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 8 | 1-9 | ആഭ്യന്തരനിയന്ത്രണം |
| 9 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷികകണക്കുകളിലെ അപാകതകൾ |
| 12 | 1-12 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ , പാര മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എന്നിവ സംബന്ധിച്ച് |
| 13 | 1-13 | കെട്ടിട നിർമ്മാണ പെർമിറ്റ് അപാകത സംബന്ധിച്ച്. |
| 14 | 1-14 | എസ്.സി.വിദ്യാർഥികൾക്ക് ലാപ് ടോപ്:അപാകതകൾ |
| 15 | 1-15 | മരുന്ന് മുഴുവൻ ലഭ്യമായില്ല |
| 16 | 1-16 | ചുള്ളിയാല പൊറായ കുടിവെള്ള പദ്ധതി - ഭൗതിക പരിശോധന - കീടനാശിനി കലർന്ന വെള്ളം കിണറിൽ പ്രവേശിക്കുന്നത് സംബന്ധിച്ച്. |
| 17 | 1-17 | കൊടക്കാട്ടിൽ ഇടവഴി കോൺക്രീറ്റിംഗ് – 8505.00 രൂപയുടെ അധികച്ചെലവ് നിരാകരിക്കുന്നു. |
| 18 | 1-18 | പൊതുമരാമത്ത് മാന്വലിലെ നിബന്ധനകൾ പാലിക്കുന്നില്ല |
| 19 | 1-19 | ടെണ്ടർ നടപടിക്രമങ്ങളിലെ സുതാര്യത - ടെണ്ടർ സേവിംഗ് ഇനത്തിൽ 19,49,839 രൂപ നേട്ടമുണ്ടായി. |
| 20 | 1-20 | അനധികൃതമായി പ്രവർത്തിക്കുന്ന അറവ് ശാല അടച്ച് പൂട്ടാൻ നിയമപരമായ നടപടികൾ സ്വീകരിക്കുന്നില്ല. |
| 21 | 1-21 | ആരോഗ്യ ജാഗ്രത – മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - ഫണ്ട് വിനിയോഗം - രേഖകളുടെ സൂക്ഷിപ്പ് - അപാകതകൾ |
| 22 | 1-22 | നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയിലേക്ക് വിഹിതം നൽകൽ - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല. |
| 23 | 1-23 | കുഴൽ കിണർ റിപ്പയർ - വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കേണ്ടതാണ് |
| ഭാഗം II വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| | | ഇല്ല |
| ഭാഗം III ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 24 | 3-1 | കൊടക്കാട്ടിൽ ഇടവഴി കോൺക്രീറ്റിംഗ് – 8505.00 രൂപയുടെ അധികച്ചെലവ് നിരാകരിക്കുന്നു. |
| ഭാഗം -IV പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 25 | 4-1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ |

| | | വിവരം |
|---|---|---|
| 26 | 4-2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 27 | 4-3 | നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ |
| 28 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 29 | 4-5 | വായ്പ/ വായ്പ തിരിച്ചടവ് |
| 30 | 4-6 | സ്ഥിര നിക്ഷേപങ്ങൾ |
| 31 | 4-7 | ഓഡിറ്റ് റിക്കവറി |
| 32 | 4-8 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 33 | 4-9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |
| 34 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 35 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| ഭാഗം V -അനുബന്ധങ്ങൾ | | |
| 36 | Annexure 1 | Audit Certificate |
| 37 | Annexure 2 | Audited Abstract |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

| ബജറ്റ് പാസാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/തിയതി |
|---|---|
| 1(1)/26.03.2018 | 1(1)/15.02.2019 |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 28.05.19 | | |

## 1-3 സാമ്പത്തിക വിശകലനം

| ഇനം | 2018-19 |
|---|---|
| മുന്നിരിപ്പ് | 11305859 |
| വരവ് | 83175043 |
| ആകെ | 94480902 |
| | |

| | |
|---|---|
| ചെലവ് | 73800314 |
| നീക്കിയിരിപ്പ് | 20680588 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 16209681 | 16209681 | 15262056 | 947625 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 6665000 | 6665000 | 6665000 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 5427000 | 5427000 | 5324088 | 102912 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3414000 | 3414000 | 2346938 | 1067062 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7523000 | 7523000 | 5905003 | 1617997 |
| ഗുണഭോക്തൃ വിഹിതം | 308329 | 814101 | 1122430 | 888501 | 233929 |
| ടി.എസ്.സി | | 50930 | 120678 | | 120678 |
| പൈക്ക | 510000 | - | 510000 | - | 510000 |
| ശുചിത്വമിഷൻ | 1574820 | 789000 | 2363820 | 310066 | 2053754 |
| ജലനിധി | 1209896 | 42906 | 1252802 | | 1252802 |
| എംജി.എൻ.ആർഇ.ജി.എസ് (തൊഴിലാളികളുടെ കൂലി) | 0 | 12771192 | 12771192 | 12771192 | 0 |
| എംജി.എൻ.ആർഇ.ജി.എസ് (അഡ്മിമിനിസ്റ്റേറ്റീവ് ചെലവ്) | 5859 | 688112 | 693971 | 675950 | 18021 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്)അങ്കണവാടി പോഷകാഹാരം | 1012136 | 1354200 | 2366336 | 2045445 | 320891 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ബ്ലോക്ക്) | 1261050 | 5027914 | 6288964 | 4852464 | 1436500 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് (ജില്ലാ പഞ്ചായത്ത്) | 500000 | 966020 | 1466020 | 1466020 | 0 |
| ജനറൽ പർപ്പസ് ഗ്രാൻറ് | 0 | 0 | | | |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 186 | 86948314 | 144 | 60735826 | 0 | 42 | 77.41 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 5859 | 688112 | 693971 | 675950 | 18021 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 12771192 | 12771192 | 12771192 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 58800 | 43 |
| കർഷകതൊഴിലാളി വേതനം | 2709900 | 85 |
| വിധവാപെൻഷൻ | 13372800 | 843 |
| വാർദ്ധക്യകാലപെൻഷൻ | 19736400 | 1550 |
| വികലാംഗപെൻഷൻ | 5677300 | 266 |
| വിവാഹ ധനസഹായം | 390000 | 13 |
| 50 വയസ്സിനു മേൽ പ്രായമുള്ളവർക്കുള്ള ധനസഹായം | 235600 | 10 |
| ഉൽപ്പാദന ബോണസ് | 78500 | 142 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.01.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30742 രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

1.തനത് ഫണ്ടിനത്തിൽ ലഭിക്കുന്ന തുകളുടെ വരവ് ചെലവ് വിവരം അസിസ്റ്റന്റ് എഞ്ചിനീയർ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ആയതിന് വൗച്ചർ നമ്പർ നൽകുന്നില്ല. ഇത് ക്രമപ്രകാരമല്ല. എല്ലാ ഇനം വരവു

ചെലവുകളുടെയും വിവരം കാഷ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും, ചെലവുകൾക്ക് വൗച്ചർ നമ്പർ നൽകേണ്ടതുമാണ്.

2.2013 ൽ പുതുക്കിയ പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന രീതിയിൽ കരാറുകാരുമായി ചമക്കേണ്ട കരാർ പത്രിക തയ്യാറാക്കുന്നില്ല, പ്രവൃത്തി പൂർത്തീകരണത്തിലുണ്ടാകുന്ന കാലതാമസത്തിന് പിഴ സംബന്ധിച്ച വ്യവസ്ഥ പാലിക്കുന്നില്ല.

3. പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ സമർപ്പിക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ കൈപ്പറ്റുമ്പോൾ ആയതിന്റെ വിവരം എഗ്രിമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ അവ തിരിച്ച് കൊടുക്കുന്ന വിവരം നിരീക്ഷിക്കാൻ സംവിധാനം ഇല്ല. അതുപോലെ നാളിതുവരെ തിരിച്ചുകൊടുക്കാൻ അവശേഷിക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റുകളുടെ വർഷം തിരിച്ചുള്ള കണക്ക് തയ്യാറാക്കുന്നില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.01.2020 | 12/2019 | 13.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.03.2018 മുതൽ 21.03.2018 വരെ | 2012-13 മുതൽ 2016-17 വരെ | 02.07.2018 |

# 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. അക്രൂവൽ അടിസ്ഥാനത്തിലേക്ക് മാറുന്ന സാമ്പത്തിക വർഷത്തിന് മുമ്പുള്ള ആസ്തികളുടെ വിവരം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല
2. ബാലൻസ് ഷീറ്റ് പ്രകാരം സ്ഥാപനത്തിന്റെ ആസ്തിയായി കാണിച്ച തുകകളുടെ കൃത്യത ആസ്തി രജിസ്റ്ററുമായി ഒത്തുനോക്കാൻ സാധിക്കുന്നില്ല(വാർഷിക സംക്ഷിപ്തം തയ്യാറാക്കാത്തിനാൽ . ആസ്തികളുടെ തേയ്മാനം സംബന്ധിച്ച വിവരങ്ങൾ ചേർത്ത് രജിസ്റ്റർ കാലികമാക്കുന്നില്ല.
3. വസ്തു നികുതിയിനത്തിൽ മുൻവർഷം പഞ്ചായത്തിന് തുകയൊന്നും ലഭിക്കാനില്ല എന്നാണ് വാർഷിക ധനകാര്യ പത്രികയിൽ കാണുന്നത്. എന്നാൽ പഞ്ചായത്ത് ലഭ്യമാക്കിയ പത്രികയിൽ അരിയർ ഇനത്തിൽ വരവ് കാണുന്നു. കൂടാതെ ലഭ്യമാക്കിയ പത്രിക പ്രകാരമുള്ള ഡിമാന്റ് / വരവ് തുകകൾ AFS മായി പൊരുത്തപ്പെടുന്നില്ല.

| ഇനം | | AFS പ്രകാരം | സഞ്ചയ പ്രകാരം | വ്യത്യാസം |
|---|---|---|---|---|
| ഡിമാന്റ് | തൻവർഷം | 4454130 | 4459285 | 5155 |
| | കുടിശ്ശിക | - | 8640 | 8640 |
| കളക്ഷൻ | തൻവർഷം | 4309942 | 4314401 | 4459 |
| | കുടിശ്ശിക | 8203 | 8229 | 26 |
| ബാലൻസ് | തൻവർഷം | - | - | - |
| | കുടിശ്ശിക | - | - | - |

4-ഡെപ്പോസിറ്റ് ഇനത്തിൽ അടവാക്കിയതും മൂന്ന് വർഷത്തിലധികമായി തിരിച്ച നൽകാത്തതുമായ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല.

| ഇനം | തുക | ലഭിച്ച തിയ്യതി |
|---|---|---|
| Suppliers EMD | 2000 | 23.12.2014 |

| | | |
|---|---|---|
| | 750 | 06.02.2015 |
| Suppliers Security Deposit | 1500 | 25.03.2015 |
| Biders EMD | 699 | 06.06.2013 |
| Auction Deposit | 500 | 04.03.2016 |
| Other Deposit | 1398 | 11.06.2013 |
| " | 1000 | 08.11.2013 |
| " | 500 | 21.11.2013 |
| " | 1000 | 06.12.2014 |
| " | 3000 | 05.01.2015 |
| " | 2000 | 28.01.2015 |
| " | 2000 | 06.07.2015 |
| " | 2000 | 20.10.2015 |
| Deposit from others | 1000 | 01.04.2013 |

5)ബാങ്ക് ബുക്ക് ദിനേന പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

6) MGNREG പദ്ധതി പ്രകാരം തൻവർഷത്തിൽ 13 പ്രവൃത്തികളിലായി ₹2658052 യുടെ ആസ്തി സൃഷ്ടിക്കപ്പെട്ടതായി ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റിൽ നിന്ന് വ്യക്തമാകുന്നു. എന്നാൽ ഇത് ആസ്തിയായി ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

# 1-12 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ , പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ എന്നിവ സംബന്ധിച്ച്

1) 2018-19 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ലൈസൻസ് നേടിയിട്ടുള്ള വ്യാപാര സംരംഭ പ്രവർത്തനങ്ങളുടെ വിവരങ്ങളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ അനുവദിച്ച ലൈസൻസ് | 376 |
| പുതുതായി ലൈസൻസ് എടുത്തവ | 123 |
| ലൈസൻസ് പുതുക്കിയവ | 253 |

സാമ്പത്തിക വർഷത്തിൽ 123 സ്ഥാപനങ്ങൾ പുതുതായി ലൈസൻസ് എടുത്തതിൽ നിന്നും , പുതിയ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനും, ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനും കാര്യക്ഷമമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും തൻവർഷം ഉണ്ടായിട്ടുണ്ട് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ ലൈസൻസ് നേടിയിട്ടുള്ള 298 സ്ഥാപനങ്ങളിൽ 253 സ്ഥാപനങ്ങൾ മാത്രമാണ് സൈസൻസ് പുതുക്കിയിട്ടുള്ളത് 45 സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് പുതുക്കിയിട്ടില്ല എന്ന് കാണുന്നു. ഈ സാഹചര്യത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കേണ്ടതാണ്.

2)ഓരോ സാമ്പത്തിക വർഷത്തിലും മുൻ വർഷങ്ങളിൽ ലൈസൻസ് നേടിയിട്ടുള്ള സ്ഥാപനങ്ങൾ ലൈസൻസ് പുതുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സാധിക്കുന്ന വിധത്തിൽ ട്രേഡ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

3) 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിലെ ശ്രീ. അബ്ദുൾ ഖയ്യൂം എന്ന വ്യക്തിയുടെ സ്മൈൽ ലോഞ്ച് ഡന്റെൽ ക്ലിനിക്ക് എന്ന സ്ഥാപനത്തിന് 1ാം നമ്പറായി രജിസ്ട്രേഷൻ പുതുക്കി നൽകിയിരുന്നു. എന്നാൽ ഈ സ്ഥാപനത്തിന് പൊല്യൂഷൻ കൺട്രോൾ ബോർഡ് അനുവദിച്ച അംഗീകാരം (Authorization) 31.12.2018

വരെയായിരുന്നു. അനുബന്ധ രേഖകളുടെ സാധുത കാലളവ് പരിശോധിച്ച് മാത്രം രജിസ്ട്രേഷൻ പുതുക്കി നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-13 കെട്ടിട നിർമ്മാണ പെർമിറ്റ് അപാകത സംബന്ധിച്ച്.

2011 ലെ കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം-103 പ്രകാരം A1 ഗണങ്ങളിൽ ഉൾപ്പെടുന്ന 400 ച. മീറ്ററിൽ കൂടുതൽ നിർമ്മിതി വിസ്തീർണം ഉള്ള ഏക കുടുംബ പാർപ്പിടങ്ങൾക്ക് സൗരോർജ ജലതാപന സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന പെർമിറ്റുകളിലെ പ്ലാൻ പരിശോധിച്ചതിൽ ഈ സംവിധാനം കാണിച്ചിട്ടില്ല.

| പെർമിറ്റ് നമ്പർ | ഉടമസ്ഥന്റെ പേര് | വിസ്തീർണം |
|---|---|---|
| A1-BA(80181)/2019 | അബ്ദുൾ നാസർ പുറ്റേക്കാടൻ | 970.8 ച.മീറ്റർ |
| A1-BA(298371)/2018 | അബ്ദുൾ അസീസ് മണക്കടവൻ | 417.09 ച.മീറ്റർ |

ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വറി(5/28.01.2020)ക്ക് സൗരോർജ ജലതാപന സംവിധാനം ഏർപ്പെടുത്തണമെന്ന കാര്യം അപേക്ഷകനെ അറിയിക്കുകയും , ഒക്യുപൻസി അനുവദിക്കുന്നതിന് മുമ്പ് ഇക്കാര്യം ഉറപ്പ് വരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-14 എസ്.സി.വിദ്യാർഥികൾക്ക് ലാപ് ടോപ്:അപാകതകൾ

ഹെഡ് മാസ്റ്റർ നിർവഹണം നടത്തിയ "എസ്.സി.വിദ്യാർഥികൾക്ക് ലാപ് ടോപ്" എന്ന പദ്ധതിയിൽ (പ്രൊജക്റ്റ് നം.31/18-19) ബിൽ നം.2/18-19 തി. 15.11.18 പ്രകാരം 17 ലാപ് ടോപുകൾക്കായി 6,66,040 രൂപ കെൽട്രോണിനു നല്കിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ ഉണ്ട്.

1.കെൽട്രോൺ കമ്പ്യൂട്ടറുകൾ സപ്ലൈ ചെയ്ത ഒറിജിനൽ ഇൻവോയ്സ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ബില്ലിനൊപ്പം വച്ചിട്ടുള്ള കെൽട്രോണിന്റെ വർക്ക് ഓർഡർ ഡീറ്റെയിൽ സ്ലിപ് പ്രകാരം ആകെ 6,61,334/- രൂപ വിലവരുന്ന 17 മീഡിയം എൻഡ് കമ്പ്യൂട്ടറുകളാണ് ലഭ്യമാക്കിയിട്ടുള്ളത്. സ.ഉ.(എം.എസ് )നം.22/18/ത.സ്വ.ഭ.വ തീയ്യതി 14.2.18 ഖണ്ഡിക 7.2.8 പ്രകാരം പുറപ്പെടുവിച്ച പദ്ധതി ധന വിനിയോഗ മാർഗരേഖ പ്രകാരം ഒരു ലാപ്ടോപ്പിന്റെ പരമാവധി നിരക്ക് 30,000 രൂപയാണ്. ഇതിന് പകരം 38,902 രൂപയാണ് സിപിആർസിഎസ് (Centralised Procurement and Rate Contract System) പ്രകാരം കെൽട്രോണിനു നൽകിയിട്ടുള്ളത്. 1,51,334 രൂപ ഇത്തരത്തിൽ അധിക ചെലവ് വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച അനുമതി രേഖ/ സാധൂകരണ ഉത്തരവ് ഹാജരാക്കാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് 5.2.19 ലെ കോർഡിനേഷൻ കമ്മിറ്റിയുടെ 3-13 നമ്പർ തീരുമാനമാണ് ഹാജരാക്കിയിട്ടുള്ളത്. എന്നാൽ ഈ തീരുമാനം അനുസരിച്ച് 2019-20 വർഷം മുതലാണ് യൂണിറ്റ് നിരക്ക് ഉയർത്തിയിട്ടുള്ളത്.

2. ലഭ്യമാക്കിയ ലാപ്ടോപ് ഒന്നിന് 38,902 രൂപയാണ് വില. ആയതിനാൽ ഈ ഇനത്തിൽ അധികമായി നല്കിയ തുക 4,706 രൂപ (666040-661334) കെൽട്രോണിൽ നിന്നും നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല.

ക്രമ നം. 1 പ്രകാരമുള്ള അധിക ചെലവിന് സാധൂകരണം തേടേണ്ടതും ക്രമ നം. 2 പ്രകാരം കെൽട്രോണിൽ നിന്നും ലഭ്യമാകാനുള്ള തുക തിരികെ ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.156040(1,51,334+4,706) രൂപ തടസത്തിൽ വെക്കുന്നു. 4706/-ഈടാക്കിയതിന്റെ വിവരം റെക്റ്റിഫിക്കേഷൻ റിപ്പോർട്ടിലൂടെ അറിയിക്കാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി ചുമത്തി നടപടി സ്വീകരിക്കുന്നതാണ്.

## 1-15 മരുന്ന് മുഴുവൻ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ" പാലിയേറ്റീവ് കെയർ " എന്ന പദ്ധതിയിൽ (പ്രൊജക്റ്റ് നം.97/18-19) ബിൽ നം.1/18-19 തി.18.12.18 പ്രകാരം 375,000 രൂപ കേരള മെഡിക്കൽ സർവീസ്

കോർപ്പറേഷന്,തൈക്കാട് തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്.ആയതിൽ താഴെ കാണും പ്രകാരമുള്ള മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

| ഇൻവോയ്സ് | തിയതി | തുക |
|---|---|---|
| 4741 | 31.7.19 | 109363 |
| 4746 | 31.7.19 | 47398 |
| 8772 | 19.11.19 | 25610 |
| 1300 | 19.11.19 | 858 |
| 8741 | 19.11.19 | 8416 |
| ആകെ | | 191645 |

ശേഷിക്കുന്ന തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. 183355.00 രൂപ തടസത്തിൽ വെക്കുന്നു

# 1-16 ചുള്ളിയാല പൊറായ കുടിവെള്ള പദ്ധതി - ഭൗതിക പരിശോധന - കീടനാശിനി കലർന്ന വെള്ളം കിണറിൽ പ്രവേശിക്കുന്നത് സംബന്ധിച്ച്.

ഈ കുടിവെള്ള പദ്ധതിയുടെ ടാങ്ക്, പൈപ്പ് ലൈൻ വർക്ക്, പമ്പ് ഹൗസ് നിർമ്മാണം എന്നിവ 2016-17ൽ പ്രൊജക്റ്റ് നമ്പർ 83/17 പ്രകാരം ഏറ്റെടുത്ത് 2017-18 ൽ പ്രൊജക്റ്റ് നമ്പർ 117/18 പ്രകാരവും, കിണർ നിർമ്മാണം പ്രൊജക്റ്റ് നമ്പർ 142/13 പ്രകാരവും ആണ് നിർവ്വഹിച്ചിട്ടുള്ളത്. ക്ഷമതയുള്ള മോട്ടോർ സ്ഥാപിക്കാനുള്ള പ്രൊവിഷൻ 83/17 നമ്പർ പ്രൊജക്റ്റിൽ ഉൾപ്പെടുത്താതിരുന്നതിനാൽ, നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടും പ്രൊജക്റ്റിന്റെ ഗുണം ഇതിന്റെ ഗുണഭോക്താക്കൾക്ക് ലഭ്യമാകാതെ വന്നു. തുടർന്ന് 2018-19 ൽ നമ്പർ 166/19 പ്രൊജക്റ്റ് പ്രകാരം മോട്ടോർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി നിർവ്വഹിക്കുകയും പ്രൊജക്റ്റിൽ നിന്ന് വെള്ളം പമ്പ് ചെയ്യാൻ ആരംഭിക്കുകയും ചെയ്തു.

29.1.2020 ഈ പദ്ധതിയുടെ പമ്പ് ഹൗസും കിണറും ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. സുരേഷ് ബാബു.ടി.കെ യുടെ സാന്നിദ്ധ്യത്തിൽ നേരിട്ട് പരിശോധിക്കുകയും, പ്രൊജക്റ്റിന്റെ ഗുണഭോക്താക്കളോട് പദ്ധതിയുടെ പ്രവർത്തനത്തെക്കുറിച്ച് നേരിട്ട് അന്വേഷിക്കുകയും ചെയ്തു. ഗുണഭോക്താക്കൾ തന്നെ ഒന്നിടവിട്ട ദിവസങ്ങളിൽ വെള്ളം പമ്പ് ചെയ്യുന്നതിനാൽ ആവശ്യത്തിന് വെള്ളം ലഭിക്കുന്നുണ്ടെന്ന് അവർ അഭിപ്രായപ്പെട്ടു. എന്നാൽ നെൽ വയലിന്റെ വക്കിൽ കുഴിച്ചിട്ടുള്ള കിണറിലേക്ക് നെല്ലിന് അടിക്കുന്ന കീടനാശിനി കലർന്ന വെള്ളം കടക്കുന്നതിനാൽ വെള്ളം കുടിക്കാൻ ഉപയോഗിക്കാറില്ലെന്നും, മറ്റ് ആവശ്യങ്ങൾക്കാണ് വിനിയോഗിക്കാറെന്നും അവർ വിശദീകരിച്ചു.

കിണർ നേരിട്ട് സന്ദർശിച്ചതിൽ പാടത്തിന്റെ വക്കത്ത് ചെങ്കൽ കൊണ്ട് നിർമ്മിച്ച കിണറിന്റെ ഉൾഭാഗത്ത് ചുറ്റിലായും വലിയ വിടവുകൾ ഉള്ളതായും, നെൽവയലിന്റെ അതേ നിരപ്പിൽ തന്നെ കിണർ നിൽക്കുന്നതിനാൽ നെൽവയലിൽ നിറയുന്ന വെള്ളത്തിന്റെ അതേ അളവിൽ കിണറിന് ചുറ്റും വെള്ളം കെട്ടി നിൽക്കുമെന്നും വ്യക്തമായി. ആയതിനാൽ തന്നെ നെൽവയലിൽ നിന്നും വെള്ളം കിണറിലേക്ക് ഒഴുകി വരുന്നുണ്ട് എന്ന ഗുണഭോക്താക്കളുടെ പരാതി വസ്തുതാപരമാണെന്നും കണ്ടു.

വെള്ളം കെട്ടി നിൽക്കുന്ന നെൽവയലിന്റെ ഓരത്ത് ചെങ്കല്ല് ഉപോയഗിച്ച് കിണർ നിർമ്മിക്കുന്നതിന് പകരം, കോൺക്രീറ്റ് റിംഗ് ഉപയോഗിച്ചാണ് നിർമ്മാണം നടത്തേണ്ടിയിരുന്നത്. അഥവാ ചെങ്കല്ലാണ് ഉപയോഗിക്കുന്നത് എങ്കിൽ തന്നെ, ആയതിന്റെ വിടവുകൾ നല്ലവണം അടച്ച്, നിശ്ചിത താഴ്ചയിൽ കിണറിന്റെ ഉൾവശം പ്ലാസ്റ്ററിംഗ് നടത്തി നെൽവയലിലെ വെള്ളം കിണറിൽ പ്രവേശിക്കുന്നത് തടയേണ്ടതായിരുന്നു.

അതുപോലെ, കിണറിന് ചുറ്റും മതിൽ കെട്ടി അതിൽ മണ്ണ് നിറച്ച് നെൽവയലിലെ വെള്ളം കിണറിന് സമീപത്ത് എത്താതെ നിർമ്മാണം നടത്തുകയും ചെയ്യേണ്ടതായിരുന്നു. ഇപ്രകാരം ചെയ്യാതിരുന്നതിനാലാണ് വയലിലെ വെള്ളം കിണറിൽ പ്രവേശിക്കുന്നത്.

സാമൂഹികവും സാമ്പത്തികവുമായി വളരെ ദുർബലരായ കുടുബങ്ങളാണ് ഈ പ്രൊജക്ടിന്റെ ഗുണഭോക്താക്കൾ. ഗാർഹിക ആവശ്യങ്ങൾക്കായി നിത്യവും കീടനാശിനി കലർന്ന വെള്ളം ഉപോയഗിക്കുന്നതു് മൂലം മാരകമായ ത്വക് രോഗങ്ങളും മറ്റും ഇവർക്ക് പിടിപെടാൻ സാധ്യതയുണ്ട്. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തിരമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതിന് വിഷയത്തിലേക്ക് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് എൻക്വയറി നം.10/29.1.2020 പ്രകാരം ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതും എക്സിറ്റ് മീറ്റിങ്ങിൽ അവതരിപ്പിച്ചിട്ടുള്ളതുമാണ്).

## 1-17 കൊടക്കാട്ടിൽ ഇടവഴി കോൺക്രീറ്റിംഗ് – 8505.00 രൂപയുടെ അധികച്ചെലവ് നിരാകരിക്കുന്നു.

പ്രൊജക്ട് നം : 150/19

അടങ്കൽ :140000.00 ,തനത് ഫണ്ട്

ടി.എസ്.നം : 23927/2018-19 (DSR 2016 COI 37.25)

ചെലവ് :58089.00 ചെക്ക് നമ്പർ.2673499/25-2-2019

എം.ബുക്ക് :106/18-19

കരാർ നം. : AE/PVLR/38/ 17.9.18 (21.5% കുറവ്)

കരാറുകാരൻ: സിദ്ദീഖ്.കെ

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിന്റെ ഐറ്റം നമ്പർ 3,4 എന്നിവ പ്രകാരം 71.55മീറ്റർ നീളത്തിലും 0.925,0.90,0.50,1.00 മീറ്റർ എന്നിങ്ങനെ വീതിയിലും യഥാക്രമം 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 0.10 cm കനത്തിലും (കോഡ്.നം.5.1.8), 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.075 cmകനത്തിലും (കോഡ്.നം.4.1.3)നടത്തിയിട്ടുണ്ട്.

ചീഫ് എഞ്ചിനീയറുടെ 28.9.15 ലെ DB4/9099/CE/LSGD നമ്പർ കത്ത് പ്രകാരം വീതി 2 മീറ്ററിൽ കുറവായ നടപ്പാതകളിൽ 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 10 cm കനത്തിലും 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.050 cm കനത്തിലും നടത്തിയാൽ മതി എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവിന്റെ വെളിച്ചത്തിൽ, 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.075 cm കനത്തിൽ നടത്തിയത് വഴി ഈ പ്രൊജക്ടിൽ 8505.00 രൂപയുടെ അധിക ചെലവുണ്ടായിട്ടുണ്ട് എന്ന് കണ്ടു.
(വിശദമായ വിവരങ്ങൾ ഖണ്ഡിക 3-1 ൽ പറഞ്ഞിട്ടുണ്ട്)

## 1-18 പൊതുമരാമത്ത് മാന്വലിലെ നിബന്ധനകൾ പാലിക്കുന്നില്ല

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെനടത്തിപ്പ്) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ് ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നത്. ഈ ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ളവ ഒഴികെയുള്ള കാര്യങ്ങളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം

അനുവർത്തിച്ചുവരുന്ന നടപടിക്രമങ്ങളാണ് പാലിക്കേണ്ടതാണ് എന്ന് മേൽ ചട്ടത്തിലെ ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്. പൊതു മരാമത്ത് വകുപ്പിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് മരാമത്ത് പ്രൊജക്ടുകൾ നിർവ്വഹിക്കുന്നത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെനടത്തിപ്പ്) ചട്ടങ്ങളിൽ കരാർ ചമക്കൽ , പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ, നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് ചട്ടങ്ങൾ ഉൾക്കൊള്ളുന്നില്ല. ആയതിനാൽ ഈ വിഷയങ്ങളെ സംബന്ധിച്ച് 2012 ലെ പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ ആണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകം. എന്നാൽ പഞ്ചായത്തിൽ മാന്വൽ പ്രകാരമുള്ള നിബന്ധനകൾ ഈ വിഷയങ്ങളിൽ പാലിക്കുന്നില്ല. ഇതിന് പകരം പൊതുമരാമത്ത് മാന്വൽ പരിഷ്കരിക്കുന്നതിന് മുമ്പുള്ള വ്യവസ്ഥകളാണ് ഇപ്പോഴും പിൻതുടരുന്നത്.

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 1-19 ടെണ്ടർ നടപടിക്രമങ്ങളിലെ സുതാര്യത - ടെണ്ടർ സേവിംഗ് ഇനത്തിൽ 19,49,839 രൂപ നേട്ടമുണ്ടായി.

ടെണ്ടർ നടപടിക്രമങ്ങളിലെ സുതാര്യത നിമിത്തം, ടെണ്ടറിൽ മത്സരം ഉറപ്പ് വരുത്താൻ കഴിഞ്ഞതിനാൽ ടെണ്ടർ സേവിംഗ്സ് ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് തൻവർഷം 19,49,839 രൂപ ലാഭിക്കാൻ സാധിച്ചിട്ടുണ്ട്. ബിൽഡിംഗ്, കോൺക്രീറ്റ് റോഡ് ,റോഡ് ടാറിംഗ്, റോഡ് റീ ടാറിംഗ് എന്നിങ്ങനെ എല്ലാ തരത്തിലുള്ള പ്രൊജക്ടുകളിലും ടെണ്ടർ സേവിംഗ് ഉണ്ടായിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഭാഗം ടെണ്ടർ നടപടിക്രമങ്ങളിൽ മാതൃകാപരമായ പ്രവർത്തന മികവ് കാണിച്ചത് മൂലമാണ് ഈ നേട്ടം ഉണ്ടായിട്ടുള്ളത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 1-20 അനധികൃതമായി പ്രവർത്തിക്കുന്ന അറവ് ശാല അടച്ച് പൂട്ടാൻ നിയമപരമായ നടപടികൾ സ്വീകരിക്കുന്നില്ല.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിന്റെ കോമ്പൗണ്ടിനോട് ചേർന്ന് കന്നുകാലികളെ കശാപ്പ് ചെയ്യുകയും ഇറച്ചി വിൽപ്പന നടത്തുകയും ചെയ്യുന്ന ഒരു സ്വകാര്യ സ്ഥാപനം ലൈസൻസ് ഇല്ലാതെ അനധികൃതമായി പ്രവർത്തിക്കുന്നുണ്ട്. ചെമ്പൻ ബീരാൻ എന്നയാളുടെ ഉടമസ്ഥതയിലുള്ള XVIII/77 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ അറവുശാലക്ക് 2005-06 വർഷം വരെ ഗ്രാമപഞ്ചായത്ത് ലൈസൻസ് അനുവദിച്ചിരുന്നു. ബഹു.ഹൈക്കോടതിക്ക് മുമ്പാകെ WP(C)2991/2006 നമ്പർ കേസ് നിലനിന്ന സാഹചര്യത്തിൽ 2006-07 വർഷം പ്രസ്തുത സ്ഥാപനത്തിന് സെക്രട്ടറി ലൈസൻസ് പുതുക്കി നൽിയില്ല. ഇതിനെതിരെ ഭരണ സമിതിയിൽ ചെമ്പൻ ബീരാൻ സമർപ്പിച്ച അപ്പീൽ പരിഗണിച്ച് 23 നിബന്ധനകൾ പാലിക്കുന്നതിന് വിധേയമായി തൻവർഷം ലൈസൻസ് പുതുക്കി നൽകുന്നതിന് ഭരണസമിതി അനുമതി നൽകി. എന്നാൽ പ്രസ്തുത നിബന്ധനകൾ പാലിക്കുന്നതിൽ സ്ഥാപനം പരാജയപ്പെട്ടതിനെ തുടർന്ന് ലൈസൻസ് പുതുക്കി നൽകുകയുണ്ടായില്ല.

ഈ അറവ് ശാല പ്രവർത്തിക്കുന്നത് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട്സെക്ഷൻ 230 (1) (2) (3), 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പ് ശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടങ്ങൾ, ബഹു.ഹൈക്കോടതിയുടെ WP(C)13805/2004,37093/2004,7000/2005,2991,3923,8233,9297 &12998/2006, 704/09,603/09 നമ്പർ കേസുകളിലെ വിധിപ്രസ്താവനകൾ, പ്രസ്തുത വിധി പ്രസ്താവനകളുടെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പുറപ്പെടുവിച്ച 17.09.2009 ലെ 1173/DE2/09/LSGD നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ എന്നിവക്ക് വിരുദ്ധമാണ്. ആയതിനാൽ ഈ അറവ് ശാല അടച്ച് പൂട്ടുന്നതിന് ഗ്രാമപഞ്ചായത്ത് 17.7.2006,16.3.2007,23.3.2008,19.10.2009,27.12.2016,1.9.2018,28.9.2019 തീയ്യതികളിൽ കാരണം കാണിക്കൽ നോട്ടീസ്, നം.എ1/145/02, നൽകിയിട്ടുണ്ട്. ഇതിൽ 23.3.2008 ൽ നൽകിയ നോട്ടീസിൽ അറവ് ശാല പ്രവർത്തിക്കുന്നത് 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പ് ശാലകളും

ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 5 (കശാപ്പുശാല, ആൾപാർപ്പുള്ള വാസസ്ഥലത്തിന്റെ 90 മീറ്റർ പരിധിക്കുള്ളിലോ, പൊതുനിരത്തിൽ നിന്നും 30 മീറ്റർ ദൂരപരിധിക്കുള്ളിലോ ആകാൻ പാടില്ലാത്തതാകുന്നു), ചട്ടം.6 ( സെക്രട്ടറിയിൽ നിന്നും ഫോറം 1 ൽ ലഭിച്ച ലൈസൻസ് ഇല്ലാതെ ആരെയും മൃഗങ്ങളെ കശാപ്പ് ചെയ്യാൻ അനുവദിക്കരുത്), ചട്ടം. 8 (വെറ്ററിനറി ഡോക്ടർ പരിശോധിച്ച് പകർച്ച വ്യാധികളോ മറ്റു രോഗങ്ങളോ ഇല്ലെന്ന് സാക്ഷ്യപ്പെടുത്തിയ മൃഗങ്ങളെയെ കശാപ്പ് ചെയ്യാവൂ), ചട്ടം. 9 (മൃഗങ്ങളുടെ പ്രായം 10 വയസ്സിൽ കുറയരുത്, പണിയെടുക്കാൻ ആകില്ല മുതലായവ സംബന്ധിച്ച സാക്ഷ്യപത്രം), ചട്ടം. 11 (കശാപ്പ് ശാലയിൽ മാംസം വിൽക്കാൻ പാടില്ല), ചട്ടം. 15 (അനുവദനീയമായതിൽ കൂടുതൽ മൃഗങ്ങളെ ഒരേസമയം പ്രവേശിപ്പിക്കാൻ പാടില്ല), ചട്ടം. 17 (വെറ്ററിനറി സർജൻ മാംസം പരിശോധിച്ച് ആഹാരയോഗ്യമെന്ന സാക്ഷ്യപത്രം നൽകണം), ചട്ടം. 19 (രക്തം ഒഴുകിപ്പോകുന്നതിനും അവശിഷ്ടങ്ങൾ പോകുന്നതിനും പ്രത്യേകം പാത്രം കരുതണം), ചട്ടം. 25 ((തുപ്പാൻ) കോളാമ്പികൾ ഉണ്ടായിരിക്കണം), ചട്ടം. 27 (പട്ടി കാക്ക മുതലായവയെ കശാപ്പുശാലയിൽ പ്രവേശിപ്പിക്കരുത്) എന്നീ വ്യവസ്ഥകൾ ലംഘിക്കുന്നതായി പറഞ്ഞിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് അവസാനം നൽകിയ 28.9.2019 തീയ്യതിയിലെ നോട്ടീസിന് അറവ് ശാലാ ഉടമസ്ഥൻ ലഭ്യമാക്കിയ 17.10.2019 തീയ്യതിയിലെ മറുപടിയിൽ, വ്യവസ്ഥകൾ പാലിക്കുന്നതിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയാണെന്നും, അതിന് കൂടുതൽ സമയം അനുവദിക്കണമെന്നുമാണ് പറഞ്ഞിട്ടുള്ളത്. വ്യവസ്ഥകൾ ലംഘിച്ച് പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് ഇനിയും സമയം അനുവദിക്കേണ്ടതില്ലാത്തതിനാൽ, പോലീസ് സഹായത്തോടെ സ്ഥാപനം അടച്ച് പൂട്ടുന്നതിന് വിഷയം ഭരണ സമിതിയിലേക്ക് സമർപ്പിക്കുന്നതിന് ഉദ്യോഗസ്ഥ തലത്തിൽ വന്ന നിർദ്ദേശത്തിന് 23.10.19 ന് സെക്രട്ടറി ബന്ധപ്പെട്ട നോട് ഫയലിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിന് ശേഷം, അറവ് ശാലാ ഉടമസ്ഥന്റെ 17.10.2019 ലെ കത്തിന് സെക്ഷൻ ക്ലർക്ക് തയ്യാറാക്കിയ മറുപടി 6.11.2019 ന് അംഗീകാരത്തിന് സമർപ്പിച്ചതായും, അതേ തീയ്യതിയിൽ തന്നെ ജൂനിയർസൂപ്രണ്ട് ആയത് അംഗീകരിച്ചതായും ബന്ധപ്പെട്ട ഫയൽ (നം.എ4/6487/2019) പരിശോധിച്ചതിൽ കാണുന്നുണ്ട്. എന്നാൽ ഇതിന് ശേഷം ഈ ഫയലിൽ യാതൊരു തുടർ നടപടിയും ഉണ്ടായിട്ടില്ല.

അറവ് ശാല പ്രവർത്തിക്കുന്നത് 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പ് ശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 5 ലംഘിച്ചുകൊണ്ടായതിനാൽ, ഇപ്പോൾ പ്രവർത്തിക്കുന്ന സ്ഥലത്തുനിന്നും ഉചിതമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കാതെ അറവ് ശാലയുടെ പ്രവർത്തനം തുടരാൻ സാധ്യമല്ല. ഈ വസ്തുതയുടെ വെളിച്ചത്തിൽ പരിശോധിച്ചാൽ, ചട്ടങ്ങൾ പാലിക്കുന്നതിനാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനാൽ കൂടുതൽ സമയം അനുവദിക്കണം എന്ന അറവ് ശാലാ ഉടമസ്ഥന്റെ 17.10.2019 ലെ മറുപടിയിൽ യാതൊരു കഴമ്പുമില്ല എന്ന് വ്യക്തമാണ്.

നിയമങ്ങളും, ചട്ടങ്ങളും, ഹൈക്കോടതി ഉത്തരവുകളും, സർക്കാർ ഉത്തരവും ലംഘിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ കോമ്പൗണ്ടിനോട് ചേർന്ന 2006-07 മുതൽ ലൈസൻസ് ഇല്ലാതെ അനധികൃതമായി പ്രവർത്തിച്ച് വരുന്ന അറവ് ശാലയുടെ പ്രവർത്തനം നിയമപ്രകാരം അവസാനിപ്പിക്കാൻ ഗ്രാമപഞ്ചായത്ത് നാളിതുവരെ കാര്യക്ഷമമായ നടപടി സ്വീകരിച്ചിട്ടില്ല എന്നാണ് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുള്ളത്. വർഷാ വർഷം കാരണം കാണിക്കൽ നോട്ടീസ് നൽകി, തുടർ നടപടികൾ സ്വീകരിക്കാതെ, സ്ഥാപനത്തെ തടസ്സമില്ലാതെ പ്രവർത്തിക്കാൻ അനുവദിക്കുക എന്ന രീതിയാണ് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളത്. ആയതിനാൽ വിഷയത്തിന് അർഹിക്കുന്ന ഗൗരവം നൽകി നിയമപരമായ നടപടികൾ സ്വീകരിച്ച് സ്ഥാപനത്തിന്റെ പ്രവർത്തനം അവസാനിപ്പിക്കാൻ വിഷയത്തിലേക്ക് ഭരണസിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

(പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2012-13 മുതൽ 2016-17 വരെയുള്ള ഏ.ജി. റിപ്പോർട്ടിലും (നം. എൽ.ബി.എ(എച്ച്.ക്യൂ)III/II/8A-1/2018-19 തീ. 10.05.2018), സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2017-18 വർഷത്തെ റിപ്പോർട്ടിലും (ഖണ്ഡിക 2-4) ഇത് സംബന്ധിച്ച പരാമർശമുണ്ട്).

# 1-21 ആരോഗ്യ ജാഗ്രത – മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ - ഫണ്ട് വിനിയോഗം - രേഖകളുടെ സൂക്ഷിപ്പ് - അപാകതകൾ

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഓരോ വാർഡുകളിലും 10,000 രൂപ വീതം ചെലവഴിക്കുന്നതിനായി 2018-19 വർഷത്തിൽ 1,90,000 രൂപ മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്( ശുചിത്വ മിഷൻ വിഹിതം, ചെക്ക് നമ്പർ/തീയതി: 390709/6-7-18). പഞ്ചായത്തിലെ 19 വാർഡുകളിൽ നിന്നും ആയതിന്റെ ചെലവുരേഖകൾ ഓഡിറ്റിന് ലഭ്യമാക്കുകയുണ്ടായി. അവ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള അപാകതകൾ കാണുന്നു.

1) ശുചിത്വമിഷൻ വിഹിതത്തോടൊപ്പം NRHM ഫണ്ടും ഓരോ വാർഡുകൾക്കും തൻ വർഷത്തിൽ ലഭിച്ചിട്ടുണ്ട്. ഇവ രണ്ടും ഒരേ ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിക്കുന്നത്. ഈ രണ്ട് തുകകളും ചെലവഴിക്കുന്നുണ്ട്.പരിശോധനക്ക് ലഭ്യമാക്കിയ വൗച്ചറുകളിൽ 2019-20 സാമ്പത്തിക വർഷത്തെ തീയതികളാണ് കാണുന്നത്. ശുചീകരണ പ്രവർത്തനങ്ങൾ 2018-19 ൽ തന്നെ നടത്തിയിട്ടുണ്ടെങ്കിലും ആയതിന് തൻ വർഷത്തിൽ തുക പൂർണ്ണമായും നൽകിയിട്ടില്ലെന്നും പലതിനും 2019-20ലാണ് തുക നൽകിയിട്ടുള്ളത് എന്നുമാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയ ആരോഗ്യ പ്രവർത്തകർ വിശദീകരണം നൽകിയത്. ഇത് തെറ്റായ പ്രവണതയാണ്. ശുചിത്വ പ്രവർത്തനങ്ങൾക്കായി എല്ലാ വർഷവും ഫണ്ട് അനുവദിക്കപ്പെടുന്നുണ്ട്. 2019-20ലും നൽകിയിട്ടുണ്ട്.18-19ൽനൽകിയ തുക 19-20 ലെ ചെലവായി കാഷ് ബുക്കിൽ രേഖപ്പെടുത്തുമ്പോൾ 19-20 ൽ നൽകിയ തുക 20-21 ലെ ചെലവായിട്ടാണ് രേഖപ്പെടുത്തപ്പെടുന്നത്. ആയതിനാൽ കാഷ്ബുക്ക് പരിശോധിക്കുമ്പോൾ ഓരോ വർഷത്തെയും ചെലവുകളുടെ യഥാർത്ഥ ചിത്രം ലഭിക്കുന്നില്ല.

) മേൽ പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്ന തുക സംബന്ധിച്ച സാക്ഷ്യപത്രം ഗ്രാ.പ.സെക്രട്ടറി ശുചിത്വ മിഷന് നൽകേണ്ടതുണ്ട്. 2018-19 ൽ ആകെ 1,06,056 രൂപ മേൽ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചതായും 83,944 രൂപ ടി ഇനത്തിൽ ചെലവഴിക്കാൻ ബാക്കിയുള്ളതായുമാണ് സെക്രട്ടറി ശുചിത്വ മിഷനുള്ള സാക്ഷ്യ പത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.ആയത് യഥാർത്ഥ ചെലവുമായി പൊരുത്തപ്പെടുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു. 8-ാം വാർഡ് ഒഴികെയുള്ളവയിൽ നിന്നും ചെലവു രേഖകൾ ഓഡിറ്റിന് ഹാജരാക്കി.

ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന വാർഡുകളിൽ തുകകൾ പൂർണ്ണമായും ചെലവഴിച്ചിട്ടില്ല എന്ന് കാണുന്നു.

| വാർഡ് | ചെലവഴിച്ച തുക | ബാക്കി |
|---|---|---|
| 3 | 6600 | 3400 |
| 7 | 8400 | 1600 |
| 9 | - | 10,000 |
| 10 | 3600 | 6400 |
| 11 | 4800 | 5200 |
| ആകെ = | | 26,600 |

കൂടാതെ, 8ാം വാർഡിൽ തൻ വർഷത്തിൽ തുക ലഭ്യമായിട്ടില്ല എന്നാണ് ടി വാർഡിന്റെ ചുമതല ഉണ്ടായിരുന്ന ആരോഗ്യ പ്രവർത്തക അറിയിച്ചത് . ആയത് കൂടി പരിഗണിക്കുമ്പോൾ 1,80,000 രൂപ

നൽകിയതിൽ 1,53,400 രൂപ ചെലവും 26,600 രൂപ ബാക്കിയുമാണ് വരുന്നത്. ഇത് ശുചിത്വ മിഷന് നൽകിയ സാക്ഷ്യ പത്രത്തിലെ കണക്കുകളിൽ നിന്നും തികച്ചും വ്യത്യസ്തമാണ്.

3) മിക്ക വാർഡുകളിലെയും കാഷ്ബുക്ക് എഴുതപ്പെട്ടിരിക്കുന്നത് ക്രമ പ്രകാരമല്ല. ചെലവഴിക്കപ്പെടുന്ന തുകകൾ അതേ തീയതികളിൽ കാഷ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. വൗച്ചറുകളിലെ തീയതികളും കാഷ് ബുക്കിലെ തീയതികളും വ്യത്യസ്തമാണ്.

4) ഒരുവാർഡിന്റെ ആരോഗ്യ പ്രവർത്തകൻ സ്ഥലം മാറ്റപ്പെടുകയോ മറ്റോ ചെയ്യുമ്പോൾ ചാർജ് മറ്റുള്ളവർക്ക് നൽകാതിരിക്കുന്നത് കാരണം പ്രവർത്തനങ്ങൾ നടത്തിയാലും തുക യഥാസമയം നൽകാൻ കഴിയാത്തതിന് ഇടയാകുന്നതായി വരുന്നുണ്ട്. അത് കൊണ്ടാണ് 18-19 ൽ നടത്തിയ പ്രവർത്തനങ്ങൾക്ക് 19-20 ൽ തുക നൽകിയതായി രേഖപ്പെടുത്തേണ്ടി വരുന്നത്.

പൊതുജനങ്ങളുടെ ആരോഗ്യവുമായി ബന്ധപ്പെട്ട് വളരെയധികം പ്രാധാന്യമർഹിക്കുന്ന ഒന്നാണ് മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ. മഴക്കാലത്തിന് മുമ്പായി നടത്തേണ്ട ഇത്തരം പ്രവർത്തനങ്ങളിലൂടെ കാലവർഷത്തോടനുബന്ധിച്ച് ഉണ്ടാകുന്ന പകർച്ചവ്യാധികളും മറ്റും വലിയ അളവിൽ തടയാൻ കഴിയുന്നതാണ്. ആയതിനാൽ തന്നെ ഇത്തരം പ്രവർത്തനങ്ങൾ യാതൊരു ഭംഗവും കൂടാതെ യഥാസമയം നടത്താനും തുക ചെലവഴിക്കാനും ചെലവു രേഖകൾ കാര്യക്ഷമമായി തയ്യാറാക്കി സൂക്ഷിക്കാനും ആവശ്യമായ മാർഗ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിച്ച വരുന്ന ആരോഗ്യ പ്രവർത്തകർക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകേണ്ടതാണ്. പഞ്ചായത്ത് ഭരണ സമിതിയും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

# 1-22 നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയിലേക്ക് വിഹിതം നൽകൽ - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല.

വിവിധ മരാമത്ത് പ്രവൃത്തികളിൽ ആകെ മൂല്യ നിർണ്ണയത്തുകയുടെ 1% പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കി നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയിലേക്ക് യഥാസമയം അടവാക്കുന്നുണ്ട്. 1996ലെ Kerala Building & Other Construction Workers Welfare Cess Act, Section 3(3) പ്രകാരം ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ 1% കളക്ഷൻ ചാർജ് ഇനത്തിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്. 2018-19 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ 113/19, 143/19, 144/19, 145/19, 220/19, 254/19, 255/19, 256/19 എന്നീ മരാമത്ത് പ്രവൃത്തികളിൽ ഈയിനത്തിൽ തുക ഈടാക്കിയിട്ടില്ല.

മേൽ നിയമത്തിൽ പരാമർശിക്കും പ്രകാരമുള്ള കളക്ഷൻ ചാർജ് തുടർ വർഷങ്ങളിൽ പഞ്ചായത്തിന് ഈടാക്കാവുന്നതാണ്.-

# 1-23 കുഴൽ കിണർ റിപ്പയർ - വിനിയോഗിക്കാത്ത തുക തിരികെ ഈടാക്കേണ്ടതാണ്

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി " വിവിധ കുഴൽ കിണറുകളുടെ റിപ്പയർ" എന്ന പ്രൊജക്ട് പ്രകാരം 2018-19 വർഷത്തിൽ 30,087 രൂപ വികസന ഫണ്ടിൽ നിന്ന് ചെലവഴിച്ചിട്ടുണ്ട്( Try.Bill No/Date: 26/23-3-19). മേങ്ങോളിമാട്, മുക്കുട്ടിൽ, കുന്നത്ത്പറമ്പ് അംഗൻവാടി എന്നിവിടങ്ങളിലെ കുഴൽ കിണറുകളിലെ ഹാൻഡ് പമ്പ് പുറത്തെടുത്ത് റിപ്പയർ ചെയ്ത് തിരികെ ഇറക്കുന്നതിനാണ് ടി തുക Ground Water Departmentന് നൽകിയിട്ടുള്ളത്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം 15-1-20ന് മേൽ സ്ഥാപനം ഹാജരാക്കിയിട്ടുണ്ട്(No. GM/293/19). മേങ്ങോളിമാട്ടിൽ ഹാൻഡ് പമ്പ് നിലവിൽ തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട് എന്നും മുക്കുട്ടിൽ, കുന്നത്ത് പറമ്പ് അംഗൻവാടി എന്നിവിടങ്ങളിലെ നിലവിലുള്ള ഹാൻഡ് പമ്പുകൾ റിപ്പയർ ചെയ്ത് പൂർത്തീകരിച്ചതിന് 18,601 രൂപ വിനിയോഗിച്ചിട്ടുണ്ട് എന്നും ടി സാക്ഷ്യ പത്രത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

ആയത്പ്രകാരം മുൻകൂറായി നൽകിയ 30,087 രൂപയിൽ 11,486 രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. ടി തുക മേൽ സ്ഥാപനത്തിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 കൊടക്കാട്ടിൽ ഇടവഴി കോൺക്രീറ്റിംഗ് – 8505.00 രൂപയുടെ അധികച്ചെലവ് നിരാകരിക്കുന്നു.

പ്രൊജക്ട് നം : 150/19

അടങ്കൽ :140000.00 ,തനത് ഫണ്ട്

ടി.എസ്.നം : 23927/2018-19 (DSR 2016 COI 37.25)

ചെലവ് :58089.00 വൗച്ചർ നമ്പർ-/13.02.19

എം.ബുക്ക് :106/18-19

കരാർ നം. : AE/PVLR/38/ 17.9.18 (21.5% കുറവ്)

കരാറുകാരൻ: സിദ്ദീഖ്.കെ

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിന്റെ ഐറ്റം നമ്പർ 3,4 എന്നിവ പ്രകാരം 71.55മീറ്റർ നീളത്തിലും 0.925,0.90,0.50,1.00 മീറ്റർ എന്നിങ്ങനെ വീതിയിലും യഥാക്രമം 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 0.10 cm കനത്തിലും (കോഡ്.നം.5.1.8), 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.075 cmകനത്തിലും (കോഡ്.നം.4.1.3)നടത്തിയിട്ടുണ്ട്.

ചീഫ് എഞ്ചിനീയറുടെ 28.9.15 ലെ DB4/9099/CE/LSGD നമ്പർ കത്ത് പ്രകാരം വീതി 2 മീറ്ററിൽ കുറവായ നടപ്പാതകളിൽ 1:4:8 സിമെന്റ് കോൺക്രീറ്റിംഗ് 10 cm കനത്തിലും 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.050 m കനത്തിലും നടത്തിയാൽ മതി എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ഉത്തരവിന്റെ വെളിച്ചത്തിൽ, 1:2:4 സിമെന്റ് കോൺക്രീറ്റിംഗ് 0.075m കനത്തിൽ നടത്തിയത് വഴി ഈ പ്രൊജക്ടിൽ താഴെ പറയും പ്രകാരം അധിക ചെലവുണ്ടായിട്ടുണ്ട് എന്ന് കണ്ടു.

<u>ഇനം.4 പ്രവൃത്തിക്ക് ചെലവഴിച്ച തുക</u>

നിർവ്വഹിച്ച അളവ് - 4.31 m3

പരിമിതപ്പെടുത്തിയത് - 4.31 m3x7523.98=32428.35 (-)21.5% കുറവ് =25456.25/-രൂപ

<u>ചെലവഴിക്കാവുന്ന തുക</u>

4.31m3 /0.075m=57.47 m2

57.47m2x0.05m=2.87m3

2.87 m3x7523.98=21593.82 (-)21.5% കുറവ് =16951.15/-രൂപ

അധികച്ചെലവ്

25456.25 - 16951.15 =8505.10

മേൽ അപാകതക്ക് ഓഡിറ്റ് എൻക്വയറി നം.8/28.2..2020പ്രകാരം വിശദീകരണം ആവശ്യപ്പെട്ടിരുന്നു. ഇതിന് 29.1.2020 ന് ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ ഇടവഴി വീതി കൂട്ടി ഗതാഗത യോഗ്യമാക്കും എന്നത് മുൻനിർത്തിയാണ് ഇപ്രകാരം അധികം കനം കോൺക്രീറ്റിന് നൽകിയത് എന്നാണ്. മൂന്ന് മീറ്റർ വരെയുള്ള റോഡിന് തന്നെ 15 സെ.മി കനമേ സാധാരണ അനുവദിക്കാറുള്ളു എന്നതിനാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ മുൻപറഞ്ഞ മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ അധികച്ചെലവ് വന്ന 8505.00 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറുടെയും, ആയതിന് സാങ്കേതിക അനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും തുല്യമായ ബാധ്യതയായി നിജപ്പെടുത്തുന്നു.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2018-19 | 19.08.19 മുതൽ 20.08.19 വരെ | കെ.എസ്.എ.എം.പി.എം.10/2164/19 തിയതി.24.08.19 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 150000 | പ്രോ.നം-33/2018-19 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | 400000 | പ്രോ.നം-26/2018-19 വൃദ്ധർക്ക് കട്ടിൽ | 400000 | 0 |
| | 321900 | പ്രോ.നം-175/2018-19 വൃദ്ധർക്ക് കട്ടിൽ | 316000 | 5900 |
| | 1588464 | പ്രോ.നം-18/2018-19 ലൈഫ് ഭവന നിർമ്മാണം | 1588464 | 0 |
| | 517550 | പ്രോ.നം-27/2018-19 വൃദ്ധർക്ക് കട്ടിൽ | 348000 | 169550 |
| | 2050000 | പ്രോ.നം-242/2018-19 കോര ഗ്രാമം പദ്ധതി സ്കോളർഷിപ്പ് | 2050000 | 0 |
| ആകെ | 5027914 | | 4852464 | 175450 |
| | | | | |

| | | | | |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 416020 | പ്രോ.നം-18/2018-19 ലൈഫ് ഭവന നിർമ്മാണം ജനറൽ | 416020 | 0 |
| | 400000 | പ്രോ.നം-19/2018-19 ലൈഫ് ഭവന നിർമ്മാണം, പട്ടിക ജാതി | 400000 | 0 |
| | 150000 | പ്രോ.നം-33/2018-19 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| ആകെ | 966020 | | 966020 | 0 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ,തീയ്യതി | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| സോഷ്യോ എക്കോമിക്ക് ഫൗണ്ടേഷൻ | സ്കൂളുകൾക്ക് ബയോ ഗ്യാസ് പ്ലാന്റ് | വൗച്ചർ നംമ്പർ.21800688 | 120000 | 0 | | 12000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

# 4-5 വായ്പ /വായ്പ തിരിച്ചടവ്

| വായ്പയുടെ ഉദ്ദേശ്യം | വായ്പയുടെ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള മുൻബാക്കി | തൻ വർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 2795516 | 0 | 0 | 0 | 2795516 |

# 4-6 സ്ഥിര നിക്ഷേപം

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 42249 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രശീതി നം.തി |
|---|---|---|---|---|
| 2007-08 | 3-2 | 123 | പ്യാരി ലാൽ ടി.ജെ | 118040100530/10.05.18 |
| 2007-08 | 3-2 | 389 | പ്യാരി ലാൽ ടി.ജെ | 118040100531/10.05.18 |
| 2003-04 | 3-3 | 2452 | എൻ.വി സുബ്രഹ്മണ്യൻ | 118040101071/16.06.18 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ്

# ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സാമഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2007-08 | 3(3) | 2010-11 | | | |
| 2010-11 | 3(8) | 2013-14 | | | |
| 20015-16 | 2(1),2(3),(4) | 2016-17 | 3(1) 2(1),2(3),2(4) | തൊഴിൽ നികുതി | പഞ്ചായത്ത് അസി.ഡയറകൂർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട് (09/01/2018ന് കെ.എസ്.എ.എം.പി.എം15/3004/2016 നമ്പറായി ഈ ഓഫീസിൽ ലഭ്യമായ 2015-16ലെ ഓഡിറ്റ് റിപ്പോർട്ടിൻറെ പുനരഭിപ്രായ കുറിപ്പിൽ പരാമർശങ്ങൾ ഒഴിവാക്കിയിട്ടുണ്ട്.) |
| 2016-17 | 16 | 2017-18 | 3(4) | | |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ക്ര നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2001-2 | 2(3), 2(4) | എം.തൊയ്യിബ് സെക്രട്ടറി | LF/21259/slp Cell (scs)/09 dt. 29/12/09 of director of Loal Fund | 5000 6000 | 08/02/2010 ലെ 16087/31 | | | | 1100 | |
| 2 | 2005-6 | 3(7) | ബാബുജോർജ് എം മെഡിക്കൽ ഓഫീസർ | LF/1556/Spl/SC d1/2011 dated 14/06/2011 | 15000 | സർക്കാർ സാധൂകരണത്തിനായി ജില്ലാ മോണിറ്ററിംഗ് സമിതിക്ക് സമർപ്പിച്ചു | | | | | |
| 3 | 2006-7 | 3(9) | സെക്രട്ടറി | LF/6067/Spl cell/ScD1/2011 dated 12/07/2011 | 24850 | LF 6067/Spl Cell/D1/2011 dated 21/04/2012 പ്രകാരം സർചാർജ് നടപടി ഒഴിവാക്കി | | | | | |
| 4 | 2007-8 | 3(17) | സി.സുന്ദരൻ അസി. എഞ്ചിനീയർ | LF/15436/Spl cell/Sc D1/2011 | 4369 | 11204102363 Dated 23/11/2012 | | | | | |

| | | | | dated 13/01/2012 | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 83175043 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 73800314 |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 8505 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 339395 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 8505 | അസിസ്റ്റന്റ് എഞ്ചിനീയർ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-15 | 156040 |
| 1-16 | 183355 |
| ആകെ | 339395 |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മുഹമ്മദ് മുനീർ ഐപി/ അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ/മേജർ ഇറിഗേഷൻ സെക്ഷൻ നം.2 പൊന്നാനി | ഇട്ടികപറമ്പിൽ ,പാലക്കൽ ചമ്രവട്ടം(പിഒ) മലപ്പുറം 676102(പിൻ) |
| ശ്രീ.മാധവൻ.എ. അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ എൽ.എസ്ജി.ഡി.സബ്ഡിവിഷൻ തിരൂരങ്ങാടി ബ്ലോക്ക് ഓഫീസ് | ശ്രീനിലയം, തോപ്പുംപാറ കോട്ടക്കൽ പി.ഒ. പിൻ-676503 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | എൽ.എഫ്.എം 11/63/2003/4-7-13 | 3 |
| 01-02-Exp | എൽ.എഫ്.എം 11/1538/06/22.02.07 | 1 |
| 02-03-Exp | എൽ.എഫ്.എം 15/398/18 25.04.18 | 2 |
| 03-04 | എൽ.എഫ്.എം 15/320/18/25.04.18 | 6 |
| 04-05 | എൽ.എഫ്.എം 15/320/18/25.04.18 | 4 |
| 05-06 | എൽ.എഫ്.എം 17/775/09/1-4-09 | 14 |
| 06-07 | എൽ.എഫ്.എം 17/776/09/14-9-09 | 10 |
| 07-08 | എൽ.എഫ്.എം 15/665/18/25.04.18 | 13 |
| 08-09 | എൽ.എഫ്.എം 15/1167/2011/8-7-11 | 5 |
| 09-10 | എൽ.എഫ്.എം 15/2241/11/30-1-12 | 12 |
| 10-11 | എൽ.എഫ്.എം 15/1751/13/21-10-13 | 9 |
| 11-12-12-13 | എൽ.എഫ്.എം 15/590/15/27-4-15 | 16 |
| 13-14,14-15 | കെ.എസ്.എ.എം.പി.എം 15/2657/16 10.11.16 | 7 |
| 2015-16 | കെ എസ് എ.എം.പി.എം.15/3004/2016 തി 19.02.2018 | 2 |
| 2016-17 | കെ എസ് എ.എം.പി.എം.15/1286/2017 തീ. 13.06.2017 | 10 |
| 2017-18 | കെ എസ് എ.എം.പി.എം.15/259/2019 തീ. 11.10.2019 | 13 |

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

# Annexure-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.15/ 1038/ 2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

തിയ്യതി: 22-08-2019

ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള

മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 31.03.2019 – ൽ അവസാനിച്ച വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

# Annexure-2 Audited Abstract

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്